Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2017/HV/1549 (4) തീയതി: 07.10.2017

## സർക്കുലർ

വിഷയം:- **കൈറ്റ് - 'ഹരിത വിദ്യാലയം രണ്ടാം ഭാഗം' വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്ന സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- ഈ ഓഫീസിലെ 23.09.2017 ലെ KITE/2017/HV/1549(1) നമ്പർ നിർദ്ദേശങ്ങൾ.

സൂചനയിലെ നിർദ്ദേശങ്ങളുടെ തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i. **www.harithavidyalayam.in** പോർട്ടലിലാണ് സ്കൂളുകൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടത്.

ii. വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മാതൃകാ അപേക്ഷാഫോറം പ്രിന്റ്ഔട്ട് എടുത്ത്, സൂചന പ്രകാരമുള്ള നിർദ്ദേശങ്ങളും യൂസർ ഗൈഡും പരിശോധിച്ച്, സ്കൂൾതല സമിതിയിൽ ചർച്ച ചെയ്ത് വിശദാംശങ്ങൾ തയ്യാറാക്കിയതിനുശേഷം ഓൺലൈൻ അപേക്ഷയിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

iii. ഓൺലൈൻ അപേക്ഷയും സ്കൂൾ പ്രവർത്തനം സംബന്ധിച്ച് 5 മിനിറ്റ് ദൈർഘ്യമുള്ള 50 MB യിൽ കൂടാത്ത വീഡിയോയോ ഇംപ്രസ്സിൽ തയ്യാറാക്കിയ പരമാവധി 20 സ്ലൈഡ് വരുന്ന പ്രസന്റേഷനോ (ഏതെങ്കിലും ഒന്നു മാത്രം) പോർട്ടലിൽ 2017 ഒക്ടോബർ 16 ന് മുൻപ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. നവംബറിൽ സംപ്രേഷണം ആരംഭിക്കുന്നതിനാൽ തീയതി നീട്ടുന്നതല്ല.

iv. അപേക്ഷ സമർപ്പിക്കുന്ന സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ 8136800779, 8136800669, 8136800889, 8136800886, 8136800882 എന്നീ നമ്പരുകളിലാണ് ബന്ധപ്പെടേണ്ടത്.

**കെ. അൻവർ സാദത്ത്**
**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/
മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ